**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 431** **05-07-2024 - ൽ മറുപടിയ്ക്ക്**

**കാർഷികോല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കർഷകർ നേരിടുന്ന പ്രധാന പ്രതിസന്ധി കാർഷികോല്പന്നങ്ങൾക്ക് മതിയായ വിപണി കണ്ടെത്താനാകുന്നില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങൾക്ക് വിശാലമായ വിപണി ഉറപ്പാക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെ സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ, ആഴ്ചചന്തകൾ, നഗര വഴിയോരച്ചന്തകൾ, ഗ്രാമച്ചന്തകൾ, പ്രീമിയം ഔട്ട് ലെറ്റുകൾ തുടങ്ങിയവ ഉൾപ്പെടുന്ന 1924 മാർക്കറ്റുകളുടെ വിപുലമായ ശൃംഖല പ്രവർത്തന സജ്ജമാക്കുകയും, ഉൽപ്പാദന കേന്ദ്രങ്ങളിൽ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്നതിനും, ഉൽപ്പന്നങ്ങൾ ദുർലഭമായ നഗര കേന്ദ്രങ്ങൾ ഉൾപ്പടെയുള്ള പ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.<br><br>കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 295 സ്വാശ്രയ കർഷക സമിതികളാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളത്തിനു (വി.എഫ്.പി.സി.കെ) കീഴിൽ പ്രവർത്തിച്ചു വരുന്നത്. കൂടാതെ, പഴം-പച്ചക്കറികളും അവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി നേരിട്ട് ഉപഭോക്താവിലേയ്ക്ക് എത്തിക്കുന്നതിന് 'സസ്യ' എന്ന പേരിൽ 47 ഉം, തളിർ ഗ്രീൻ എന്ന പേരിൽ 63-ഉം, ചില്ലറ വിൽപ്പനശാലകളും, 2 തളിർ പ്രീമിയം ഔട്ട് ലെറ്റുകളും വി.എഫ്.പി.സി.കെ യുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു. സ്വാശ്രയ കർഷക സമിതികളിൽ നിന്നും ന്യായവിലയ്ക്ക് സംഭരിക്കുന്ന പഴം-പച്ചക്കറികൾ ഗുണമേന്മ ഒട്ടും നഷ്ടപ്പെടാതെ |

| | | | |
|---|---|---|---|
| | | | ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് ഇവ സഹായിക്കുന്നു. എറണാകുളം ജില്ലയിൽ കാക്കനാട് പഴം പച്ചക്കറി ബ്രാൻഡഡ് സൂപ്പർ മാർക്കറ്റ് ഈ വർഷം പ്രവർത്തനക്ഷമമാകുന്നതാണ്. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു. വി.എഫ്.പി.സി.കെ മുഖേന വിപണികളുടെ വികസനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സ്വാശ്രയ കർഷക സമിതികളുടെ അടിസ്ഥാന സൗകര്യ വികസനം, ആധുനിക വൽക്കരണം, വിപണി ഓഡിറ്റിങ്, കമ്പ്യൂട്ടറൈസേഷൻ, സ്വാശ്രയ കർഷക സമിതികൾ മുഖേന വിറ്റഴിക്കുന്ന ഉൽപ്പന്നങ്ങൾക്ക് സെയിൽസ് പ്രമോഷൻ ഇൻസെന്റീവ്, മൂല്യവർദ്ധന യൂണിറ്റുകൾക്കുള്ള അടിസ്ഥാന സൗകര്യ വികസനം എന്നീ പദ്ധതി സഹായങ്ങൾ നൽകി വരുന്നു.<br><br>പഴം പച്ചക്കറികളുടെ സംഭരണ വിതരണ രംഗത്ത് ഉൽപ്പാദകരേയും ഉപഭോക്താക്ക ളേയും സംരക്ഷിക്കുക എന്ന ദൗത്യവുമായി പ്രവർത്തിക്കുന്ന ഹോർട്ടികോർപ്പിന് സംസ്ഥാനത്ത് 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും, 6 ഉപസംഭരണ കേന്ദ്രങ്ങളും അവയുടെ കീഴിൽ 78സ്വന്തം സ്റ്റാളുകളും, 192 ലൈസൻസി സ്റ്റോറുകളും ഉണ്ട്. കൂടാതെ കേരളത്തിലെ കർഷകർ, കർഷക സംഘങ്ങൾ, കാർഷിക മൊത്ത വ്യാപാര വിപണികൾ വി.എഫ്.പി.സി.കെയുടെ സ്വാശ്രയ കർഷക വിപണികൾ, മറ്റ് കർഷക കൂട്ടായ്മകൾ മുഖേന ഉൽപ്പാദിപ്പിക്കുന്ന സുരക്ഷിതവും നല്ല കൃഷിരീതികൾ (GAP) അനുവർത്തിച്ച് ഉൽപ്പാദിപ്പിക്കുന്നതുമായ പച്ചക്കറികൾ വിപണി വിലയെക്കാൾ അധിക വില നൽകി ഹോർട്ടികോർപ്പ് സംഭരിച്ചു വരുന്നു. ഇത്തരത്തിൽ സംഭരിക്കുന്ന പഴം പച്ചക്കറികൾ ഹോർട്ടികോർപ്പിന്റെ വിവിധ സ്റ്റാളുകൾ വഴി പൊതുജനങ്ങൾക്ക് വിറ്റഴിക്കുകയും വിവിധ സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ (സ്കൂളുകൾ, പോലീസ് ക്യാന്റീനുകൾ, ജയിൽ, ഹോസ്റ്റലുകൾ) വഴി വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. |
| (ബി) | കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുവാൻ സഹായം നൽകിവരുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങൾക്ക് വിശാലമായ വിപണി ഉറപ്പാക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെ സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, എ |

ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ, ആഴ്ചചന്തകൾ, നഗര വഴിയോരച്ചന്തകൾ, ഗ്രാമച്ചന്തകൾ, പ്രീമിയം ഔട്ട് ലെറ്റുകൾ തുടങ്ങിയവ ഉൾപ്പെടുന്ന 1924 മാർക്കറ്റുകളുടെ വിപുലമായ ശൃംഖല പ്രവർത്തന സജ്ജമാക്കുകയും, ഉൽപ്പാദന കേന്ദ്രങ്ങളിൽ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്നതിനും, ഉൽപ്പന്നങ്ങൾ ദുർലഭമായ നഗര കേന്ദ്രങ്ങൾ ഉൾപ്പടെയുള്ള പ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 295 സ്വാശ്രയ കർഷക സമിതികളാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളത്തിന്റെ (വി.എഫ്.പി.സി.കെ) കീഴിൽ പ്രവർത്തിച്ച് വരുന്നത്. കൂടാതെ, പഴം-പച്ചക്കറികളും അവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി നേരിട്ട് ഉപഭോക്താവിലേയ്ക്ക് എത്തിക്കുന്നതിന് 'സസ്യ' എന്ന പേരിൽ 47 ഉം, തളിർ ഗ്രീൻ എന്ന പേരിൽ 63-ഉം, ചില്ലറ വിൽപ്പനശാലകളും, 2 തളിർ പ്രീമിയം ഔട്ട് ലെറ്റുകളും വി.എഫ്.പി.സി.കെ യുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു. സ്വാശ്രയ കർഷക സമിതികളിൽ നിന്നും ന്യായവിലയ്ക്ക് സംഭരിക്കുന്ന പഴം-പച്ചക്കറികൾ ഗുണമേന്മ ഒട്ടും നഷ്ടപ്പെടാതെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് ഇവ സഹായിക്കുന്നു. എറണാകുളം ജില്ലയിൽ കാക്കനാട് പഴം പച്ചക്കറി ബ്രാൻഡഡ് സൂപ്പർ മാർക്കറ്റ് ഈ വർഷം പ്രവർത്തനക്ഷമമാകുന്നതാണ്. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു. വി.എഫ്.പി.സി.കെ മുഖേന വിപണികളുടെ വികസനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സ്വാശ്രയ കർഷക സമിതികളുടെ അടിസ്ഥാന സൗകര്യ വികസനം, ആധുനിക വൽക്കരണം, വിപണി ഓഡിറ്റിങ്, കമ്പ്യൂട്ടറൈസേഷൻ, സ്വാശ്രയ കർഷക സമിതികൾ മുഖേന വിറ്റഴിക്കുന്ന ഉൽപ്പന്നങ്ങൾക്ക് സെയിൽസ് പ്രമോഷൻ ഇൻസെന്റീവ്, മൂല്യവർദ്ധന യൂണിറ്റുകൾക്കുള്ള അടിസ്ഥാന സൗകര്യ വികസനം എന്നീ പദ്ധതി സഹായങ്ങൾ നൽകി വരുന്നു.

പഴം പച്ചക്കറികളുടെ സംഭരണ വിതരണ രംഗത്ത് ഉൽപ്പാദകരേയും ഉപഭോക്താക്ക ളേയും സംരക്ഷിക്കുക എന്ന ദൗത്യവുമായി പ്രവർത്തിക്കുന്ന ഹോർട്ടികോർപ്പിന് സംസ്ഥാനത്ത് 13 ജില്ലാ

| | | | |
|---|---|---|---|
| | | | സംഭരണ കേന്ദ്രങ്ങളും, 6 ഉപസംഭരണ കേന്ദ്രങ്ങളും അവയുടെ കീഴിൽ 78സ്വന്തം സ്റ്റാളുകളും, 192 ലൈസൻസി സ്റ്റോറുകളും ഉണ്ട്. കൂടാതെ കേരളത്തിലെ കർഷകർ, കർഷക സംഘങ്ങൾ, കാർഷിക മൊത്ത വ്യാപാര വിപണികൾ വി.എഫ്.പി.സി.കെയുടെ സ്വാശ്രയ കർഷക വിപണികൾ, മറ്റ് കർഷക കൂട്ടായ്മകൾ മുഖേന ഉൽപ്പാദിപ്പിക്കുന്ന സുരക്ഷിതവും നല്ല കൃഷിരീതികൾ (GAP) അനുവർത്തിച്ച് ഉൽപ്പാദിപ്പിക്കുന്നതുമായ പച്ചക്കറികൾ വിപണി വിലയെക്കാൾ അധിക വില നൽകി ഹോർട്ടികോർപ്പ് സംഭരിച്ചു വരുന്നു. ഇത്തരത്തിൽ സംഭരിക്കുന്ന പഴം പച്ചക്കറികൾ ഹോർട്ടികോർപ്പിന്റെ വിവിധ സ്റ്റാളുകൾ വഴി പൊതുജനങ്ങൾക്ക് വിറ്റഴിക്കുകയും വിവിധ സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ (സ്കൂളുകൾ, പോലീസ് ക്യാന്റീനുകൾ, ജയിൽ, ഹോസ്റ്റലുകൾ) വഴി വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. |
| (സി) | കാർഷികോല്പന്നങ്ങൾ പ്രാദേശിക തലത്തിൽ തന്നെ വിറ്റുപോകുന്നതിനുള്ള വിപണി ശൃംഖല സജ്ജമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങൾക്ക് വിശാലമായ വിപണി ഉറപ്പാക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെ സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ, ആഴ്ചചന്തകൾ, നഗര വഴിയോരച്ചന്തകൾ, ഗ്രാമച്ചന്തകൾ, പ്രീമിയം ഔട്ട് ലെറ്റുകൾ തുടങ്ങിയവ ഉൾപ്പെടുന്ന 1924 മാർക്കറ്റുകളുടെ വിപുലമായ ശൃംഖല പ്രവർത്തന സജ്ജമാക്കുകയും, ഉൽപ്പാദന കേന്ദ്രങ്ങളിൽ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്നതിനും, ഉൽപ്പന്നങ്ങൾ ദുർലഭമായ നഗര കേന്ദ്രങ്ങൾ ഉൾപ്പടെയുള്ള പ്രദേശങ്ങളിലെ ഉണഭോക്താക്കൾക്ക് മിതമായ നിരക്കിൽ വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.<br><br>കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 295 സ്വാശ്രയ കർഷക സമിതികളാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളത്തിനു (വി.എഫ്.പി.സി.കെ) കീഴിൽ പ്രവർത്തിച്ചു വരുന്നത്. കൂടാതെ, പഴം-പച്ചക്കറികളും അവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി നേരിട്ട് ഉപഭോക്താവിലേയ്ക്ക് എത്തിക്കുന്നതിന് 'സസ്യ' എന്ന പേരിൽ 47 ഉം, തളിർ ഗ്രീൻ എന്ന പേരിൽ 63-ഉം, ചില്ലറ വിൽപ്പനശാലകളും, 2 തളിർ പ്രീമിയം ഔട്ട് ലെറ്റുകളും വി.എഫ്.പി.സി.കെ യുടെ കീഴിൽ |

| | | | |
|---|---|---|---|
| | | | പ്രവർത്തിച്ചവരുന്നു. സ്വാശ്രയ കർഷക സമിതികളിൽ നിന്നും ന്യായവിലയ്ക്ക് സംഭരിക്കുന്ന പഴം-പച്ചക്കറികൾ ഗുണമേന്മ ഒട്ടും നഷ്ടപ്പെടാതെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് ഇവ സഹായിക്കുന്നു. എറണാകുളം ജില്ലയിൽ കാക്കനാട് പഴം പച്ചക്കറി ബ്രാൻഡഡ് സൂപ്പർ മാർക്കറ്റ് ഈ വർഷം പ്രവർത്തനക്ഷമമാകുന്നതാണ്. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു. വി.എഫ്.പി.സി.കെ മുഖേന വിപണികളുടെ വികസനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സ്വാശ്രയ കർഷക സമിതികളുടെ അടിസ്ഥാന സൗകര്യ വികസനം, ആധുനിക വൽക്കരണം, വിപണി ഓഡിറ്റിങ്, കമ്പ്യൂട്ടറൈസേഷൻ, സ്വാശ്രയ കർഷക സമിതികൾ മുഖേന വിറ്റഴിക്കുന്ന ഉൽപ്പന്നങ്ങൾക്ക് സെയിൽസ് പ്രമോഷൻ ഇൻസെന്റീവ്, മൂല്യവർദ്ധന യൂണിറ്റുകൾക്കുള്ള അടിസ്ഥാന സൗകര്യ വികസനം എന്നീ പദ്ധതി സഹായങ്ങൾ നൽകി വരുന്നു.<br><br>പഴം പച്ചക്കറികളുടെ സംഭരണ വിതരണ രംഗത്ത് ഉൽപ്പാദകരേയും ഉപഭോക്താക്ക ളേയും സംരക്ഷിക്കുക എന്ന ദൗത്യവുമായി പ്രവർത്തിക്കുന്ന ഹോർട്ടികോർപ്പിന് സംസ്ഥാനത്ത് 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും, 6 ഉപസംഭരണ കേന്ദ്രങ്ങളും അവയുടെ കീഴിൽ 78സ്വന്തം സ്റ്റാളുകളും, 192 ലൈസൻസി സ്റ്റോറുകളും ഉണ്ട്. കൂടാതെ കേരളത്തിലെ കർഷകർ, കർഷക സംഘങ്ങൾ, കാർഷിക മൊത്ത വ്യാപാര വിപണികൾ വി.എഫ്.പി.സി.കെയുടെ സ്വാശ്രയ കർഷക വിപണികൾ, മറ്റ് കർഷക കൂട്ടായ്മകൾ മുഖേന ഉൽപ്പാദിപ്പിക്കുന്ന സുരക്ഷിതവും നല്ല കൃഷിരീതികൾ (GAP) അനുവർത്തിച്ച് ഉൽപ്പാദിപ്പിക്കുന്നതുമായ പച്ചക്കറികൾ വിപണി വിലയെക്കാൾ അധിക വില നൽകി ഹോർട്ടികോർപ്പ് സംഭരിച്ചു വരുന്നു. ഇത്തരത്തിൽ സംഭരിക്കുന്ന പഴം പച്ചക്കറികൾ ഹോർട്ടികോർപ്പിന്റെ വിവിധ സ്റ്റാളുകൾ വഴി പൊതുജനങ്ങൾക്ക് വിറ്റഴിക്കുകയും വിവിധ സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ (സ്കൂളുകൾ, പോലീസ് ക്യാന്റീനുകൾ, ജയിൽ, ഹോസ്റ്റലുകൾ) വഴി വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. |
| (ഡി) | വിളവെടുപ്പിന് ശേഷമുണ്ടാകുന്ന നഷ്ടങ്ങൾ പരമാവധി കുറച്ചുകൊണ്ടും അവയുടെ ഗുണമേന്മ കാത്തുസൂക്ഷിച്ചുകൊണ്ടും പഴം, പച്ചക്കറി എന്നിവ സംഭരിച്ച് വിപണനത്തിനെത്തിക്കുന്നതിനുള്ള | (ഡി) | 2021-22-ലെ കാർഷിക വിപണന ശാക്തീകരിക്കൽ പദ്ധതിയുടെ ഭാഗമായി വിപണനത്തിനായി വാഹന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ ഘടകത്തിൽ ഉൾപ്പെടുത്തി എഫ്.പി.ഒ.കൾ, സഹകരണ സംഘങ്ങൾ, സ്വാശ്രയ കർഷക സമിതികൾ, മറ്റ് |

| | | | |
|---|---|---|---|
| | സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | | കർഷക കൂട്ടായ്മകൾ എന്നിവക്കായി 19 ശീതികരിച്ച പഴം പച്ചക്കറി വാഹനങ്ങൾ (റീഫർ വാനുകൾ) നൽകിയിട്ടുണ്ട്.<br><br>പച്ചക്കറികൾ കേടുകൂടാതെ ശീതീകരണ സൗകര്യങ്ങളോടുകൂടി ശേഖരിക്കുന്നതിന് വി.എഫ്.പി.സി.കെ.യുടെ കീഴിൽ വയനാട്, തൃശ്ശൂർ ജില്ലകളിലെ പായ്ക്ക് ഹൗസുകളിൽ 10 മെട്രിക് ടൺ വീതം സംഭരണശേഷിയുള്ള കോൾഡ് സ്റ്റോറേജ് സൗകര്യം നിലവിലുണ്ട്.<br><br>ഇടുക്കി ജില്ലയിൽ ഉൽപ്പാദിക്കപ്പെടുന്ന ശീതകാല പച്ചക്കറികൾ ശേഖരിച്ച് സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി ഹോർട്ടികോർപ്പിന് ഒരു കോൾഡ് ചെയിൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതിക്കായി 2024-25 വർഷത്തിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>സ്വകാര്യ സംഭരംഭകർ ഉൾപ്പടെയുള്ളവർക്ക് ശീതികരിച്ച പഴം പച്ചക്കറി വാഹനങ്ങൾ (റീഫർ വാനുകൾ) പരമാവധി 50%വരെ സബ്സിഡി നിരക്കിൽ നൽകുന്നതിന് പദ്ധതി നിലവിലുണ്ട്.<br><br>കാർഷിക കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻകേരള നബാർഡ് RIDF പദ്ധതിയിൽ ഉൾപ്പെടുത്തി, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ സെന്റർ ഫോർ പെരിഷബിൾ കാർഗോ സ്ഥാപിക്കുന്നതിനായി നടപടി പൂർത്തീകരണത്തോട് അടുക്കുന്നു. കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (K.I.A.L) നിർവഹണ ഏജൻസിയായി നടപ്പാക്കുന്ന 859.194 ലക്ഷം രൂപയുടെ ഈ പദ്ധതിക്ക് 400 ലക്ഷം രൂപയാണ് RIDF ധനസഹായം. |
| (ഇ) | വിളവെടുപ്പിന് ശേഷമുള്ള പരിപാലനത്തിനും വിപണനത്തിനുമായി കാർഷികോല്പന്ന സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, അനുയോജ്യമായ മൂല്യവർദ്ധന പ്രവർത്തനങ്ങൾ, വിപണനം ഉൾപ്പടെയുള്ള കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനായി ഫാം പ്ലാൻ പദ്ധതി പ്രകാരം 2022-23, 2023-24 വർഷങ്ങളിലായി 100 എഫ്.പി.ഒ.കൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി എഫ്.പി.ഒ.കൾക്ക് (ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ) 2023-24 വർഷത്തിൽ 251.06 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |

കാർഷിക ഉൽപ്പന്നങ്ങൾ ഉണക്കി സൂക്ഷിക്കുന്നതും, അതിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനുമുള്ള സാങ്കേതികവിദ്യകൾ കേരള കാർഷിക സർവകലാശാലയിൽ ലഭ്യമാണ്. ഇതുമായി ബന്ധപ്പെട്ട പരിശീലനങ്ങളും കേരള കാർഷിക സർവകലാശാലയുടെ അഗ്രിബിസിനസ് ഇൻക്യൂബേറ്ററിൽ നിന്ന് നൽകി വരുന്നുണ്ട് .

ഉൽപ്പന്നങ്ങൾ വിളവെടുത്തതിനു ശേഷമുള്ള നഷ്ടങ്ങൾ പരമാവധി കുറച്ച് ഗുണമേന്മ കാത്തുസൂക്ഷിക്കുന്നതിന് സ്വാശ്രയ കർഷക സമിതികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനികവൽകരണത്തിനും സംവിധാനം ഒരുക്കിയിട്ടുണ്ട്. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി വി.എഫ്.പി.സി.കെ യുടെ ആഭിമുഖ്യത്തിൽ 7 പ്രൈമറി പ്രോസസ്സിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഇവിടെ നിന്നും പ്രാഥമിക സംസ്കരണം കഴിഞ്ഞ ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണനം ചെയ്തു വരുന്നു. കൂടാതെ കർഷർക്ക് അവരുടെ ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിന് എറണാകുളം ജില്ലയിലെ കക്കാട്, കാഞ്ഞൂർ, പുത്തൻവേലിക്കര, കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി സ്വാശ്രയ കർഷക സമിതിയിലും ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തനക്ഷമമാകുന്നതിനുള്ള നടപടികർ അവസാനഘട്ടത്തിലാണ്.

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിന് ഹോർട്ടികോർപ്പിന്, മൂന്നാറിൽ ഒരു സ്ട്രോബറി പ്രോസസ്സിംഗ് യൂണിറ്റ്, തിരുവനന്തപുരം ജില്ലയിലെ ആനയറയിൽ ഒരു ചിപ്പ്സ് യൂണിറ്റ്, കട്ട് വെജിറ്റബിൾ യൂണിറ്റ് എന്നിവ പ്രവർത്തിച്ച് വരുന്നു. ഇതു കൂടാതെ മാവേലിക്കരയിൽ തേൻ അധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കായി ഒരു ഹണിപ്രോസസ്സിംഗ് യൂണിറ്റും പ്രവർത്തിച്ച് വരുന്നു.

സംസ്ഥാനത്ത് ഊർജ്ജിതമായ കാർഷിക വിപണന സംവിധാനം ഒരുക്കുന്നതിനായി കേരള അഗ്രോബിസിനസ് കമ്പനി (കാബ്കോ) രൂപീകരിച്ചിട്ടുണ്ട്. കമ്പനിയുടെ ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. കർഷകർക്ക് മികച്ച വരുമാനവും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും ഉറപ്പാക്കുക.
2. കർഷകർ, കർഷക ഗ്രൂപ്പുകൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻസ്,

| | | | |
|---|---|---|---|
| | | | കർഷക സംഘങ്ങൾ, കാർഷിക സഹകരണ സൊസൈറ്റികൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് സഹായിക്കുക.<br>3. വിപണി അടിസ്ഥാനമാക്കി ഉൽപ്പാദനം മുതൽ സംഭരണം, സംസ്കരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ, അവയുടെ ദേശീയ/അന്തർദേശീയ തലത്തിലുള്ള വിപണനം വരെയുള്ള കാര്യങ്ങളിൽ കർഷകരെ പ്രാപ്തരാക്കുക.<br>4. മൂല്യവർദ്ധനയ്ക്കായി അത്യാധുനിക ഭക്ഷ്യ സംസ്കരണ സാങ്കേതികവിദ്യ ലഭ്യമാക്കി കേരളത്തിന്റെ കാർഷികോൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ കഴിയുന്ന ആഭ്യന്തര, അന്തർദേശീയ വിപണികളെ കണ്ടെത്തുക.<br>5. കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും സംസ്കരണത്തിനും ഊന്നൽ നൽകുന്നതിനായി അഗ്രിപാർക്കുകൾ, അഗ്രി ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവ സ്ഥാപിക്കുകയും ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് സഹായിക്കുകയും ചെയ്യുക.<br>6. നിലവിലെ കാർഷികമൊത്ത വ്യാപാര വിപണികളെ പരമാവധി നവീകരിക്കുകയും സംസ്കരണ വിപണനത്തിന് സജ്ജീകരിക്കുകയും ചെയ്യുക.<br>7. കേരളത്തിലെ കാർഷിക ഉൽപ്പന്നങ്ങൾക്ക് പൊതു ബ്രാൻഡിംഗ് ഏജൻസി എന്ന നിലയിൽ പ്രവർത്തിക്കുക. |

സെക്ഷൻ ഓഫീസർ